258/est/18

# തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

### ഹാജർ - ശ്രീ. പി. ആർ. സജികുമാർ

വിഷയം:- തസ്വഭവ - സാങ്കേതിക വിഭാഗം - പ്രളയക്കെടുതി നാശനഷ്ടങ്ങൾ തെറ്റായി വിലയിരുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. അലി ഫൈസൽ കെ.ടി - യെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തുകൊണ്ടും, ശ്രീ. സതീഷ്. എ, ഓവർസിയർ (താത്കാലികം) - നെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) മലപ്പുറം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 03.09.2018 - ലെ ഡിബി4 - 1001/2018-19 നമ്പർ കത്ത്

2) ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ കാര്യാലയത്തിലെ 03.09.2018 - ലെ 20/N/M(LSGD)/18 നമ്പർ കത്ത്

### ഉത്തരവ് നം. ഇ-15/11208/2018/സിഇ/തസ്വഭവ, തീയതി. 03.09.2018

പ്രളയക്കെടുതിയുണ്ടായതിനെ തുടർന്ന് മലപ്പുറം ജില്ലയിലെ വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിൽ മണ്ണിടിച്ചിലും മറ്റും ഉണ്ടായിട്ടുള്ളതും ആയത് പ്രകാരം ശ്രീ. അബ്ദുൾ റഹ്മാൻ കരിക്കൾ, ശ്രീ. അബ്ദുൾ സമദ് കരിക്കൾ, ശ്രീ. അബ്ദുൾ മുതലും കരിക്കൾ എന്നിവരുടെ വീടുകളോട് ചേർന്നുള്ള മൺതിട്ട ഇടിഞ്ഞു വീഴുകയും, ടിയാന്മാർ നഷ്ട പരിഹാര തുക ആവശ്യപ്പെട്ടുകൊണ്ട് റവന്യൂ വകുപ്പിന് അപേക്ഷ നൽകുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് പ്രസ്തുത പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീ. അലി ഫൈസൽ കെ.ടി - യ്ക്ക് വില്ലേജ് ഓഫീസർ ശുപാർശ നൽകുകയുണ്ടായി. ഇതിന്മേൽ ടി അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ വാല്യുവേഷൻ നിയമവിരുദ്ധമായിട്ടുള്ളതാണെന്ന് മാധ്യമങ്ങളിലൂടെയും മറ്റും പ്രചരിച്ചിട്ടുള്ള വാർത്തകളുടെ അടിസ്ഥാനത്തിൽ അടിയന്തിര അന്വേഷണത്തിന് ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി നിർദ്ദേശിക്കുകയും തുടർന്ന് മലപ്പുറം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ 03.09.2018 - ന് പ്രസ്തുത സ്ഥലം പരിശോധിച്ച് സൂചന (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചതിൽ ശ്രീ. അലി ഫൈസൽ കെ.ടി, അസിസ്റ്റന്റ് എഞ്ചിനീയർ ഇടിഞ്ഞ മണ്ണ് നീക്കം ചെയ്യുന്നതിനും അവിടെത്തന്നെ retaining wall (dry rubble masonry, RCC belt എന്നിവ ഉപയോഗിച്ച്) നിർമ്മിക്കുന്നതിനു വേണ്ടിയുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റാണ് ആദ്യം നൽകിയിട്ടുള്ളതെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പ്രളയക്കെടുതിയോടനുബന്ധിച്ച് ആറോളം ജില്ലകളിൽ വീടുകൾ വെള്ളത്തിനടിയിലാവുകയും കേടുപാടുകൾ സംഭവിക്കുകയും, ധാരാളം വീടുകൾ പൂർണ്ണമായും നശിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ / ആസൂത്രണം എന്നിവ സർക്കാരിൽ നിന്നും യുദ്ധകാല അടിസ്ഥാനത്തിൽ നടന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വീടിന് കേടുപാടുകളൊന്നും സംഭവിക്കാതിരിക്കുകയും, കേവലം മണ്ണ് വീണത് നീക്കം ചെയ്യുന്നതിനു വേണ്ടി മാത്രം വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിന് പകരം അവിടെ കരിങ്കൽ ഭിത്തി കൂടി നിർമ്മിക്കുന്നതിന് ഭീമമായ തുകയുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് ആദ്യഘട്ടത്തിൽ നൽകിയത് പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങളിലെ ഗുരുതരമായ അച്ചടക്കലംഘനമായി കണക്കാക്കുന്നു. പരാതിയുണ്ടായതിനെ

(മറുപുറം)

തുടർന്ന് ടി അസിസ്റ്റന്റ് എഞ്ചിനീയർ വീണ്ടും മണ്ണ് മാറ്റുന്നതിന് വേണ്ടി മാത്രമുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസിൽ രണ്ടാമതായി നൽകുകയും ചെയ്തിട്ടുണ്ട്. ഒരു വിഷയത്തിൽ രണ്ട് തരത്തിലുള്ള റിപ്പോർട്ട് നൽകിയത് തന്നിൽ അർപ്പിതമായ ഉത്തരവാദിത്വത്തിൽ നിന്നും വ്യതിചലിക്കുന്നതും, നിലവിലുള്ള ചട്ടങ്ങൾ പൂർണ്ണമായി വിനിയോഗിക്കാതെ വ്യക്തി താത്പര്യങ്ങൾക്ക് അനുരോധമായി വളച്ചൊടിച്ചതായി അനുമാനിക്കുന്നു.

പ്രസ്തുത സാഹചര്യത്തിൽ സർക്കാർ നിർദ്ദേശ പ്രകാരം മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീ. അലി ഫൈസൽ കെ.ടി - യെ 1960 - ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും, അപ്പീലും) ചട്ടം 10 (1) (a) പ്രകാരം അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. ടിയാന് നിയമപ്രകാരമുള്ള ഉപജീവനബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. കൂടാതെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിൽ താത്കാലികാടിസ്ഥാനത്തിൽ ഓവർസിയറായി സേവനം അനുഷ്ഠിക്കുന്ന ശ്രീ. സതീഷ്. എ എന്നയാൾ തെറ്റായ റിപ്പോർട്ട് നൽകിയതിനാൽ ടിയാനെ ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം സേവനത്തിൽ നിന്നും പിരിച്ചുവിട്ടുകൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ശ്രീ. അലി ഫൈസൽ കെ.ടി
   അസിസ്റ്റന്റ് എഞ്ചിനീയർ
   തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത്

2. ശ്രീ. സതീഷ്. എ
   ഓവർസിയർ (താൽക്കാലികം)
   തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത്

**ചീഫ് എഞ്ചിനീയർ**

പകർപ്പ് :

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
2. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തൃശ്ശൂർ
3. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാപഞ്ചായത്ത് കാര്യാലയം, മലപ്പുറം (ഉത്തരവ് അടിയന്തിരമായി നടപ്പിലാക്കി, ബദൽ സംവിധാനം ഏർപ്പെടുത്തി ടി വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.)
4. ഇ3 സെക്ഷൻ
5. കരുതൽ ഫയൽ

എസ്.എ/*